(സി) മയക്കു മരുന്നു കേസുകളിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ എത്തുന്ന ഒരാൾ വീണ്ടും കുറ്റം ആവർത്തിക്കാതിരിക്കുവാൻ മയക്കുമരുന്നിന്റെ ദോഷവശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും എൻ.ഡി.പി.എസ് നിവേദനങ്ങളുടെ ഗൗരവ സ്വഭാവത്തെപ്പറ്റി വിശദമായി പറഞ്ഞു മനസ്സിലാക്കുകയും ചെയ്യുന്നു. ഡിഅഡിക്ഷൻ' കൗൺസിലിംഗ് വോളന്ററി ഏജൻസികൾ മുഖേന ജയിലുകളിൽ നടത്തിവരുന്നു. കൂടാതെ ആശുപത്രി/കോടതികളിൽ കൊണ്ടുപോയി തിരികെ വരുമ്പോഴും ജയിൽ തോട്ടങ്ങളിൽ പണിക്കുകൊണ്ടു പോയി തിരികെ വരുമ്പോഴും ജയിൽ ചട്ടങ്ങളിൽ അനുശാസിക്കുന്ന പ്രകാരം വിശദമായ ദേഹ പരിശോധന നടത്തി വരുന്നു. അതുപോലെ, ലോക്കപ്പിനു മുമ്പായി തടവുകാരെ പാർപ്പിക്കുന്ന സെല്ലുകൾ പരിശോധിക്കുകയും ചെയ്തുവരുന്നു. ഇതിനുപുറമെ മയക്കുമരുന്ന് കണ്ടുപിടിക്കുന്നതിന് സ്നീഫർ ഡോഗിന്റെ സേവനം ജയിലിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നർക്കോട്ടിക് സേവനവും ലഭ്യമാക്കുന്നുണ്ട്.

മയക്കു മരുന്നു കേസുകളിൽ ശിക്ഷിക്കപ്പെടുന്നവരെ പാർപ്പിക്കുന്നതിന് സംവിധാനങ്ങൾ

89(830) <u>ശ്രീ. തമ്പാനൂർ രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മയക്കു മരുന്ന് കേസുകളിൽ ശിക്ഷിക്കപ്പെട്ടവരെ പാർപ്പിക്കുന്നതിന് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവപര്യാപ്തമല്ല എന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മയക്കു മരുന്നു കേസുകളിൽ ശിക്ഷിക്കപ്പെടുന്നവരെ പാർപ്പിക്കുന്നതിന് എന്തെങ്കിലും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ)&(ബി) മയക്കു മരുന്നു കേസുകളിൽ ശിക്ഷിക്കപ്പെട്ടവരെ വേർതിരിച്ചു പാർപ്പിക്കുന്നതിന് സംസ്ഥാനത്തെ ജയിലുകളിൽ ഇപ്പോൾ പ്രത്യേക സംവിധാനം നിലവിലില്ല.

(സി) ഉണ്ട്.

(ഡി) മയക്കു മരുന്നു കേസുകളിൽ ജയിൽ ശിക്ഷ അനുഭവിക്കുന്ന തടവുകാർ മറ്റു തടവുകാരുമായി ഇടപഴകാതിരിക്കുവാൻ ഇത്തരം തടവുകാരെ മാറ്റി പാർപ്പിക്കുന്നതിനായി കണ്ണൂരിൽ പ്രവർത്തിച്ചിരുന്ന ആൺകുട്ടികൾക്കായുള്ള ബോർസ്റ്റർ സ്കൂൾ കെട്ടിടം അറ്റകുറ്റപ്പണികൾ തീർത്ത് പ്രസ്തുത സ്ഥലത്ത് എൻ.ഡി.പി.എസ്. ആക്ട് പ്രകാരം ശിക്ഷിക്കപ്പെട്ടവർക്ക് വേണ്ടിയുള്ള പ്രത്യേക ജയിൽ, ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly